# Major Archeparchy of Ernakulam-Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org


04/04/2020

**മിശിഹായിൽ പ്രിയ വൈദികരേ,**

കോവിഡ് -19 രോഗം പ്രതിരോധിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളെ സംബന്ധിച്ച് സംസാരിക്കുന്നതിനായി പോലിസ് ഉദ്യോഗസ്ഥർ ഇന്ന് ഉച്ചതിരിഞ്ഞ് ആർച്ച്ബിഷപ്സ് ഹൗസിൽ വന്നിരുന്നു. നമ്മുടെ അതിരൂപതയിലെ പള്ളികളിൽ നടത്തപ്പെടുന്ന തിരുക്കർമ്മങ്ങളിൽ 4 പേർ മാത്രമെ പങ്കെടുക്കുകയുള്ളുവെന്ന് അവർക്ക് ഉറപ്പു നൽകിയിരിക്കുന്ന കാര്യം ഇതിനാൽ നിങ്ങളെ അറിയിക്കുന്നു. ഓശാന ഞായറാഴ്ച, വിശുദ്ധ കുർബാനയോടനുബന്ധിച്ച് ജനങ്ങൾക്കു വേണ്ടി കുരുത്തോല വെഞ്ചരിക്കുന്നുണ്ടെങ്കിൽ ലോക്ക് ഡൗൺ കാലയളവിനു ശേഷം മാത്രമെ അവ വിതരണം ചെയ്യാവൂ. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി എല്ലാവരും പ്രവർത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •